മി. ചെയർമാൻ : അതിലൊന്നുമില്ല. ഞാൻ ശ്രദ്ധിച്ചു. രണ്ടുഭാഗത്തും അന്യോന്യം പറയുന്ന ഒരു വാക്ക് ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിച്ചു എന്നു മാത്രമേയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ദു:സൂചനയുണ്ട്. മന്ത്രി സംസാരിക്കുമ്പോഴെല്ലാം ഈ സ്വഭാവമുണ്ട്.

മി. ചെയർമാൻ : അങ്ങനെ പറയരുത്, അതാണ് ദു:സൂചന. ..... (ബഹളം) ..... മന്ത്രിക്ക് ഈ സ്വഭാവമുണ്ടെന്നു പറയുന്നതാണ് ദു:സൂചന. പക്ഷേ സാധാരണ രണ്ടുഭാഗത്തും പറയുന്ന കാര്യങ്ങൾ മാത്രമേയുള്ളൂ .....(ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, ഇവിടെ ഒരംഗം ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നു, അതിനു മറുപടി പറയേണ്ട ഉത്തരവാദിത്വം മന്ത്രിക്കാണ്. കാരണം അദ്ദേഹം മന്ത്രിയാണ്, സംസ്ഥാന ഭരണത്തലവൻമാരിൽ ഒരാളാണ്. ഒന്നിന് മറുപടി പറയുമ്പോൾ വർഷത്തിനു മുൻപുനടന്ന, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ശിവഗിരിയിൽ നടന്നതായി പറയപ്പെടുന്നതുപോലെയൊന്നും ഇവിടെ നടന്നില്ല എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? എന്തിനാണ് അങ്ങനെ പറയുന്നത്? ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുന്നതെന്തിനാണ്? ശിവഗിരിയിൽ എന്താണ് നടന്നത്? അത് ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ്. കേരളത്തിലെ ഹൈന്ദവ ക്ഷേത്രത്തിലെ കാര്യങ്ങൾ ഒരംഗം ഇവിടെ ഉന്നയിക്കുമ്പോൾ ..... (ബഹളം) ..... ബഹുമാനപ്പെട്ട മന്ത്രി നീലലോഹിതദാസൻ നാടാർ, അദ്ദേഹം എന്തെങ്കിലും പ്രശ്നം അവതരിപ്പിച്ചാൽ ഇങ്ങനെയാണ്, മറുപടി പറയേണ്ട വിഷയത്തിന് മറുപടി പറയാനറിയില്ലെങ്കിൽ പറഞ്ഞിട്ട് ഇരിക്കണം. അതിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ..... (ബഹളം) ..... സഭയുടെ കീഴ്വഴക്കങ്ങൾ തെറ്റിക്കുകയാണ്. ഒരു മന്ത്രിയുടെ ഔദ്യോഗിക സ്ഥാനത്തിന് നിരക്കുന്ന ഏർപ്പാടാണോ അത്?

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുമ്പോൾ ബഹുനപ്പെട്ട മന്ത്രിയും യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ചിരുന്നതാണ്. അന്ന് എന്നേക്കാൾ വലിയ ചന്ദനപ്പൊട്ടും കുങ്കുമവുമിട്ടുകൊണ്ട് കോളേജിൽ വന്നിരുന്ന മന്ത്രിയാണ്. അദ്ദേഹം ഇന്ന് നിരീശ്വരവാദിയായി എന്നുള്ളതുകൊണ്ട് ഈശ്വരവിശ്വാസികളായ ഞങ്ങൾ ഉന്നയിക്കുന്നത് പുറത്തുള്ളവരുടെ ശബ്ദമാണെന്നു പറഞ്ഞാൽ അദ്ദേഹം പണ്ട് ചന്ദനവുമിട്ടുകൊണ്ട് നടന്നിരുന്ന കാലത്ത് ചിലപ്പോൾ അതായിരിക്കും ചെയ്തത്. അതുകൊണ്ട് എന്റെ ചോദ്യം, ദേവസ്വത്തിൽ ഭരണകാര്യങ്ങളെല്ലാം സുഭിക്ഷമായി നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതാണ് ഗവണ്മെന്റിന്റെ നയമെങ്കിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി കേരളം ഭരിച്ചാൽ മതി, ഈ മന്ത്രിമാർ രാജിവച്ച് ഒഴിയാൻ തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇത് മറുപടി അർഹിക്കാത്ത ചോദ്യമാണ്.

(2) സംസ്ഥാനത്ത് കള്ളുവ്യവസായം നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

ശ്രീ. യു.എസ്. ശശി : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് കള്ളുചെത്ത് വ്യവസായം. നാല്പതിനായിരത്തോളം ചെത്തു

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളും പതിനായിരത്തോളം ഷാപ്പ് ജീവനക്കാരുമുൾപ്പെടെ അരല ക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് ചെത്ത് വ്യവസായമേഖല. ഈ വ്യവസായം ഇന്ന് ഒരു പ്രതിസന്ധിയെ നേരിട്ടുകൊ ണ്ടിരിക്കുകയാണ്. 1996 ഏപ്രിൽ മാസം 1-ാം തീയതി നമ്മുടെ സംസ്ഥാനത്ത് ചാരായം നിരോധിക്കപ്പെട്ടതോടെ തകർന്നുകൊണ്ടിരുന്ന കള്ളുചെത്ത് വ്യവ സായം അൽപ്പം അഭിവൃദ്ധിപ്പെട്ടതാണ്. ഇന്നിപ്പോൾ വിദേശമദ്യത്തിന്റെ അന ധികൃതമായ വ്യാപാരം ചാരായത്തിന്റെ സ്ഥാനം കവർന്നെടുത്തിരിക്കുക യാണ്. ചാരായത്തിന്റെ സമാനമായ വിലയ്ക്ക് സംസ്ഥാനത്ത് വ്യാപകമായി സെക്കന്റ് വിദേശമദ്യം എന്ന പേരിൽ മദ്യം എവിടേയും സുലഭമാണ്. കള്ളക്ക ടത്ത് സ്പിരിറ്റ് കൊണ്ടുവന്ന് ചാരായമുണ്ടാക്കി പായ്ക്കറ്റുകളിലാക്കി നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇന്ന് വില്പന നടത്തുകയാണ്. അത്തരം ചില കേസുകൾ പിടിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന ഈ വിദേശമദ്യത്തിന്റേയും കള്ളച്ചാ രായത്തിന്റേയും വില്പന വേണ്ടത്ര രീതിയിൽ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ എക്സൈസ് ഉദ്യോഗസ്ഥന്മാർ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് കണ്ടുപിടിക്കാൻ ആവശ്യമായിട്ടുള്ള വാഹ നങ്ങളും മറ്റു സൗകര്യങ്ങളുമില്ലാത്തതിന്റെ ഫലമായി പിടിക്കാൻ സാധിക്കു ന്നില്ല എന്നുള്ളത് വസ്തുതയാണ്. എന്നാലും എക്സൈസ് ഉദ്യോഗസ്ഥന്മാ രുടെ ഭാഗത്തുനിന്ന് ഇന്നുള്ള സൗകര്യങ്ങൾ വെച്ചുകൊണ്ട് കണ്ടുപിടിക്കുന്ന തിന് വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല എന്നുള്ളതും വസ്തുതയാണ്. മദ്യവ്യവസായ രംഗത്ത് നടമാടുന്ന വിദേശമദ്യവും ചാരായവും ഫലപ്രദമായി കണ്ടുപിടിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ കള്ള് വ്യവ സായരംഗത്തെ തകർച്ചയിൽ നിന്നും നമുക്ക് രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇന്നു നമ്മുടെ സംസ്ഥാനത്തെ ചെത്ത് തൊഴിലാളികളുടെ കൂലിയും മറ്റാനു കൂല്യങ്ങളും കവർന്നെടുക്കുന്ന ഒരു സമീപനമാണ് സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ഷാപ്പ് കോൺട്രാക്ടർമാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന തൃശൂർ ജില്ലയിലെ അന്തിക്കാട്, വാടാനപ്പള്ളി ഈ രണ്ട് റെയ്ഞ്ചുകളിലേയും കള്ളുഷാപ്പുകൾ കോൺട്രാക്ടർമാർ ഏപ്രിൽ ഒന്നാം തീയതി മുതൽ പൂട്ടിയിട്ടിരിക്കുകയാണ്. ഇപ്പോൾ പൂട്ടിയിട്ടിട്ട് മൂന്നുമാസം പിന്നിട്ടിരിക്കുകയാണ്. അടച്ചുപൂട്ടലിന് പ്രധാനമായും ഷാപ്പ് കോൺട്രാക്ടർമാർ പറയുന്നത് നിലവിൽ തൊഴിലാളി കൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന കൂലിയും മറ്റവകാശങ്ങളും വെട്ടിക്കുറ യ്ക്കണമെന്നാണ്. അങ്ങനെ തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നതിൽ യാതൊരു ന്യായീകരണവുമില്ല. സംസ്ഥാനത്താണെ ങ്കിൽ മിക്കവാറും റെയ്ഞ്ചുകളിലും തൊഴിലാളികൾക്ക് കൂലിയും മറ്റാനുകൂല്യ ങ്ങളും വർദ്ധിപ്പിച്ചു കൊടുക്കാൻ തയ്യാറായിട്ടുണ്ട്. എന്നാൽ ഇന്ന് തൊഴിലാളി കളുടെ കൂലിയും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കണമെന്നാണ് തൃശ്ശൂർ ജില്ലയിലെ രണ്ട് റെയിഞ്ചിലേയും ഷാപ്പ് കോൺട്രാക്ടർമാർ ആവശ്യപ്പെടു ന്നത്. അവരതിന് പ്രധാനമായും പറയുന്ന ഒരാവശ്യം തൊഴിലാളികൾക്ക് ഡി.എ. കൊടുക്കണമെങ്കിൽ തൊഴിലാളികൾ അളക്കുന്ന കള്ളിന്റെ അളവ് വർദ്ധിപ്പിക്കണമെന്നാണ്. അങ്ങനെ അളവു വർദ്ധിപ്പിക്കേണ്ട ഒരു സാഹച ര്യവും തൃശ്ശൂർ ജില്ലയിൽ ഇല്ല; സംസ്ഥാനത്ത് ഒരിടത്തുമില്ല. ഇതുപോലുള്ള ഈ ന്യായവാദങ്ങൾ ഷാപ്പ് കോൺട്രാക്ടർമാർ ഉന്നയിക്കുമ്പോൾ അത് സാദ്ധ്യമല്ല എന്ന് രണ്ട് റെയ്ഞ്ചുകളിലേയും തൊഴിലാളികൾ പറഞ്ഞ സന്ദർഭ ത്തിൽ, ഒറ്റക്കെട്ടായി ഈ ആവശ്യം ഉന്നയിക്കുന്ന സന്ദർഭത്തിൽ, കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് മാസക്കാലമായിട്ടും ഇതേ സംബന്ധിച്ച് ഒരു തീരുമാനവും ഗവ ണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല എന്നുള്ളതാണ് പ്രധാനമായും ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അടച്ചുപൂട്ടിയിട്ടിരിക്കുന്ന ഷാപ്പുകൾ തുറന്ന് പ്രവർത്തിക്കാനാവശ്യമായ നടപടികൾ വേണമെന്നാണ് ഈ രണ്ട് റെയ്ഞ്ചിലേയും തൊഴിലാളികൾ ആവശ്യപ്പെടുന്നത്. ഈ റെയ്ഞ്ചുകളിലെ രണ്ടായിരത്തോളം വരുന്ന ചെത്തുതൊഴിലാളികളുടേയും ആവശ്യമാണിത്. എന്നാൽ മൂന്ന് നാലു പ്രാവശ്യം പുനർലേലം വെച്ചെങ്കിൽ പോലും അത് ഏറ്റെടുക്കാൻ ആരുമുണ്ടായില്ല. അങ്ങനെ ഏറ്റെടുക്കാൻ ആളില്ലാത്ത സാഹച ര്യത്തിൽ അവിടത്തെ തൊഴിലാളികൾ ആവശ്യപ്പെടുന്നത് തൊഴിലാളികളെ ഏൽപ്പിക്കണമെന്നാണ്. ഈ കാര്യം ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ കഴിഞ്ഞ മേയ് മാസം 8-ാം തീയതി യൂണിയൻ പ്രതിനിധികൾ നേരിട്ട് കണ്ട് ആവശ്യ പ്പെടുകയുണ്ടായി. അതിൻപ്രകാരം നോക്കാമെന്ന് മന്ത്രി സൂചിപ്പിക്കുകയുണ്ടാ യി. ഇതിനു മുൻപും ഷാപ്പുകൾ ലേലം പിടിക്കാൻ ആളില്ലാത്ത സന്ദർഭത്തിൽ നമ്മുടെ സംസ്ഥാനത്ത് 1958-ലും 1971-ലും 1981-ലും എല്ലാം തൊഴിലാളിക ളുടെ സഹകരണസംഘങ്ങളുണ്ടാക്കി തൊഴിലാളികളെ ഏൽപ്പിക്കുന്ന ഒരു സമീപനമാണ് ഈ സംസ്ഥാനം ഭരിച്ച ഗവണ്മെന്റുകളെല്ലാം സ്വീകരിച്ചിട്ടുള്ള ത്. 1958-ൽ ഷാപ്പ് കോൺട്രാക്ടർമാരുടെ നിലപാടുമൂലം ഷാപ്പ് ലേലം കൊള്ളാൻ ആളില്ലാത്ത സന്ദർഭം വന്നപ്പോൾ അന്നത്തെ ഗവണ്മെന്റ് തൊഴി ലാളി യൂണിയനുകളെ വിളിച്ച് തൊഴിലാളികൾ നടത്തണമെന്നാവശ്യപ്പെട്ട് തൊഴിലാളി സഹകരണസംഘങ്ങളുണ്ടാക്കി തൊഴിലാളികളെ ഈ വ്യവ സായം ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. 1958-ലാണ് തൊഴിലാ ളികൾക്ക് ന്യായമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും, ബോണസ്സുൾപ്പെടെ യുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിഞ്ഞത്. ലാഭകരമായി ഈ വ്യവ സായം നടത്താൻ കഴിയുമെന്ന് തൊഴിലാളികൾ കാണിച്ചിട്ടുള്ളതാണ്. അതി നുശേഷം 1971-ലും 1981-ലും എല്ലാം ഷാപ്പ് ലേലം കൊള്ളാൻ ആളില്ലാത്ത സന്ദർഭത്തിൽ ഇതുപോലെ തൊഴിലാളി സഹകരണസംഘങ്ങൾ ഏറ്റെടുത്ത് വ്യവസായം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോയതാണ്. അതുകൊണ്ട് മാറിമാറി വന്ന ഗവണ്മെന്റുകളെല്ലാം ഇതേരീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് 1958-ലും 1971-ലും 1981-ലും എല്ലാം സ്വീകരിച്ച അതേ മാർഗ്ഗം സ്വീകരിക്കണമെന്നാണ് ഈ റെയിഞ്ചിലെ തൊഴിലാളികളും തൊഴി ലാളി യൂണിയനുകളും ആവശ്യപ്പെടുന്നത്. അതിനുള്ള നടപടികളാണ് ഉണ്ടാ കേണ്ടത്. ഇപ്പോൾ തൃശൂർ ജില്ലയിൽ 1989-മുതൽ മൂന്ന് വർഷത്തേയ്ക്കാണ് കള്ളുഷാപ്പ് ലേലം കൊടുത്തിട്ടുള്ളത്. അതിന് കാലാവധി അവസാനിക്കാൻ ഒൻപത് മാസമാണുള്ളത്. ഈ മൂന്നു കൊല്ലത്തിനുമുൻപ് ഈ ഷാപ്പുകൾ ലേലം കൊള്ളുന്ന സന്ദർഭത്തിൽ തൊഴിലാളികളുടെ ഡി.എ. യും മറ്റാനുകൂ ല്യങ്ങളും നിയമാനുസൃതമായ കൂലിയെല്ലാം, കൊടുക്കാമെന്ന വ്യവസ്ഥയി ലാണ് ഈ കോൺട്രാക്ടർമാർ വിളിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ സന്ദർഭ ത്തിൽ തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കണ മെന്നു പറയുന്ന വാദത്തോട് യോജിക്കാൻ കഴിയുന്നില്ല. അതുപോലെ ഇപ്പോൾ തൊഴിലാളികളെല്ലാം ഒരുമിച്ച്, അതുപോലെ സഹകരണസംഘ ങ്ങളെ ഏൽപ്പിക്കണമെന്നു പറയുമ്പോൾ തൃശൂർ ജില്ലാ കളക്ടർ തൊഴിലാളി യൂണിയനുകളെ ഒറ്റയ്ക്കൊറ്റയ്ക്ക് വിളിച്ച് തൊഴിലാളികളെ ഭിന്നിപ്പിക്കാനുള്ള ശ്രമമാണ് സ്വീകരിച്ചിരിക്കുന്നത്. അങ്ങനെ തൊഴിലാളികളെ ഭിന്നിപ്പിച്ചു കൊണ്ട് ഷാപ്പ് കോൺട്രാക്ടർക്കനുകൂലമായ ഒരു നിലപാടാണ് ജില്ലാ കള ക്ടർ എടുക്കുന്നത്. അത് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരിക്കലും

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കാൻ പാടില്ലാത്ത ഒരു സമീപനമാണ്. അതുകൊണ്ട് തൃശൂർ ജില്ലാ കളക്ടർ തൊഴിലാളികളെ ഭിന്നിപ്പിക്കാൻ സ്വീകരിക്കുന്ന മാർഗ്ഗം ഉപേക്ഷിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. അതുകൊണ്ട് ഇതിനുമുൻപ് 1958-ലും 1971-ലും 1981-ലും സ്വീകരിച്ചിട്ടുള്ള സമീപനം ഈ സന്ദർഭത്തിലും സ്വീകരിക്കണമെന്നാണ് എനിക്ക് വകുപ്പുമന്ത്രിയോടും സർക്കാരിനോടും ആവശ്യപ്പെടാനുള്ളത്. ഞാൻ നിർത്തുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പരമ്പരാഗത വ്യവസായങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് ചെത്തുവ്യവസായം. അതു കേരളത്തിലാകമാനം തകർച്ചയെ നേരിടുന്നു എന്നൊരു സാമാന്യവത്കരണത്തിനോട് ഗവണ്മെന്റിന് യോജിക്കാൻ കഴിയുന്നില്ല. ആ വ്യവസായത്തിൽ പല പ്രശ്നങ്ങളുമുണ്ട്. കള്ളു വ്യവസായം പുനഃക്രമീകരിച്ച് ആ വ്യവസായത്തെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി. തുടങ്ങിയ ട്രേഡ് യൂണിയൻസ് ആവശ്യപ്പെട്ടതനുസരിച്ച് സെൻട്രൽ ട്രേഡ് യൂണിയന്റെ പ്രതിനിധികളും, ഷോപ്പ് കോൺട്രാക്ടർമാരുടെ അസോസിയേഷന്റെ പ്രതിനിധികളും സർക്കാരിനെ പ്രതിനിധീകരിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാരും, അടങ്ങുന്ന ഒരു കമ്മിറ്റി ഇതിന്റെ പുനഃസംഘടനയെ സംബന്ധിച്ച്-എങ്ങനെ പുനഃസംഘടിപ്പിക്കണം. ആ വ്യവസായത്തിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ട്, എന്നുള്ളതിനെ സംബന്ധിച്ച്-പഠിച്ച് റിപ്പോർട്ട് ചെയ്യാൻ 14.8.1998-ലെ ജി.ഒ. (എം.എസ്.) 119/98/ടി.ഡി. പ്രകാരം ഒരു പുനഃസംഘടനാ കമ്മിറ്റി ഉണ്ടാക്കി. ജോയിന്റ് എക്സൈസ് കമ്മിഷണറാണ് അതിന്റെ കൺവീനർ. ആ കമ്മിറ്റി ഒരു ഇടക്കാല റിപ്പോർട്ട് തരികയുണ്ടായി. ആ റിപ്പോർട്ടിൽ ലേലത്തിനെപ്പറ്റി പറയുന്ന കാര്യങ്ങളോട് സർക്കാരിന് യോജിക്കാൻ സാധിച്ചിട്ടില്ല. കേരളത്തിൽ മുഴുവൻ മൂന്നു കൊല്ലം വിളിക്കണം. മൂന്നു കൊല്ലത്തിനു താഴെയുള്ള വിളിയേ പാടില്ല. രണ്ടാമത്തേത് റേഞ്ച് ഒന്നിച്ച് വിളിക്കണം. ഗ്രൂപ്പ് ആയിട്ടോ ഷോപ്പ് ആയിട്ടോ വിളിക്കരുത്. എടുക്കാൻ ആളില്ലെങ്കിൽ പറ്റുകയില്ല. അപ്സെറ്റ് പ്രൈസിന്റെ 30% നു മുകളിൽ വന്നാൽ അപ്പോൾ ലേലം നിർത്തണം. ഇതാണ് കോൺട്രാക്ടർമാരും തൊഴിലാളികൾക്കും അടങ്ങുന്ന അവരുടെ നിർദ്ദേശങ്ങൾ. ഈ മൂന്നു ശുപാർശകളും ഗവണ്മെന്റിന് അംഗീകരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഗവണ്മെന്റ് ലേലനയം ആവിഷ്കരിച്ചു. കഴിഞ്ഞ കൊല്ലത്തെ അതേ നയംതന്നെയാണ്. ആ നയമനുസരിച്ച് കേരളത്തിലാകെ ഓരോ വർഷവും ലേലം വിളിക്കുകയാണ്. പക്ഷേ പണ്ടു മുതലേ എറണാകുളം ജില്ലയിലും തൃശൂർ ജില്ലയിലും കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലും മൂന്നു കൊല്ലത്തിലൊരിക്കലാണ് വിളിച്ചുവരുന്നത്. മറ്റുള്ളിടത്ത് ഓരോ വർഷവുമാണ്. പക്ഷേ എറണാകുളം ജില്ലയിൽ ഒരു കൊല്ലത്തേയ്ക്ക് എടുക്കാൻ ആളുണ്ടായിരുന്നു. അവിടെ മൂന്നു കൊല്ലം വേണമെന്നുപറയാൻ അവിടെ കോൺട്രാക്ടർമാരാരും ഇല്ലായിരുന്നു. ഒരു കൊല്ലത്തേയ്ക്ക് എടുത്തു. ഒരു കുഴപ്പവുമില്ലാതെ നടക്കുന്നു. തൃശ്ശൂർ ജില്ലയിൽ മൂന്നു കൊല്ലമാണ് വിളിച്ചിട്ടുള്ളത്. പിന്നെ വന്നിട്ടുള്ള ഒരു അഭിപ്രായം എൻഫോഴ്സ്മെന്റ് ശ്രദ്ധിക്കുന്നില്ല എന്നുള്ളതാണ്. വേണ്ടത്ര ശ്രദ്ധ പോരാ. ഇനി എൻഫോഴ്സ്മെന്റ് കൂടുതൽ ശരിയാക്കണം. 250 പ്രിവന്റീവ് ആഫീസർമാരെ പി.എസ്.സി.യിൽ നിന്ന് എടുത്ത് ഓരോരുത്തർക്കും പി.ടി.സി. യിൽ ആറു മാസത്തെ ട്രെയിനിംഗ് കൊടുത്ത് അവരെ ഫീൽഡിൽ ഇറക്കിക്കഴിഞ്ഞു. 120-ഓളം ആളുകൾ ആഫീസ് ട്രെയിനികളാണ്. മറ്റുള്ളവർ ഫീൽഡിൽ പോയിക്കഴിഞ്ഞു. അതുപോലെ റെയ്ഡുകൾ നടക്കുന്നുണ്ട്. ഇപ്പോൾ 19,160 കേസുകൾ എടുത്തുകഴിഞ്ഞു. എന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. അഹങ്കരിക്കുന്നുമില്ല. ഇനിയും ഇംപ്രൂവ് ആകണം. തൃശൂരിലെ അന്തിക്കാട്, വാടാനപ്പള്ളി എന്നീ രണ്ടു റേഞ്ചുകളിൽ 1.4.1999 തൊട്ട് കോൺട്രാക്ടർമാർ ഉപേക്ഷിച്ചുപോയി. അങ്ങനെ ഉപേക്ഷിച്ചു പോയാൽ ലൈസൻസ് at their risk and cost ക്യാൻസലാകും. At their risk and cost - എന്നു പറഞ്ഞാൽ അവർ അടയ്ക്കേണ്ട ലേല സംഖ്യ കൊളാറ്ററൽ സെക്യൂരിറ്റിയിൽനിന്ന് ഗവണ്മെന്റ് ഈടാക്കും. As per Foreign Liquor Auction Rules മൂന്നു പ്രാവശ്യം റീ-ഓക്ഷൻ ചെയ്യാം. അത് കളക്ടറാണ് ചെയ്യേണ്ടത്. Collector is the Auctioning Authority. ആ മൂന്നു പ്രാവശ്യവും പോയില്ലെങ്കിൽ പിന്നെ അപ്സെറ്റ് പ്രൈസ് വച്ച് നെഗോഷ്യേറ്റ് ചെയ്യണം. ഓഫറുകൾ സ്വീകരിക്കണം. ആ ഓഫർ വളരെ ലോ റേറ്റ് ആണെങ്കിൽ, അതിന് കളക്ടർക്ക് ഒരു പരിധിയുണ്ട്, ആ പരിധി വിട്ടിട്ടുള്ള ഓഫർ ആണെങ്കിൽ കമ്മിഷണർക്ക് അയയ്ക്കണം. കമ്മീഷണറുടെ പരിധിവിട്ട് താഴെയാണെങ്കിൽ ഗവണ്മെന്റിന് അയയ്ക്കണം. ഫൈനൽ ഡിസിഷൻ ഗവണ്മെന്റ് എടുക്കണം. ഇപ്പോൾ ഗവണ്മെന്റിലേയ്ക്ക് അയയ്ക്കേണ്ടതില്ല. എല്ലാം കമ്മിഷണർ ലെവലിൽ തീരും. അപ്പോൾ രണ്ടു റേഞ്ചിലും ഓഫറുമില്ല, ഓക്ഷനുമില്ല. ചാലക്കുടിയിൽ ലൈസൻസ് ക്യാൻസൽ ചെയ്തിരിക്കുകയാണ്. അവിടത്തെ ഒരു ചെറുപ്പക്കാരനായ എ.എസ്.പി. റെയ്ഡ് നടത്തി സാമ്പിൾ നോക്കിയപ്പോൾ ഡയസപ്പാം ആണ്. അത് ക്യാൻസൽ ചെയ്യാതിരിക്കാൻ നിർവ്വാഹമില്ല. ഇനി അതും ലേലം ചെയ്യും. തിരുവനന്തപുരം, കായംകുളം തുടങ്ങി കേരളം മുഴുവൻ വ്യാപകമായ റെയ്ഡ് നടക്കുകയാണ്. അവർക്ക് 40 പുതിയ വാഹനങ്ങൾ കൊടുക്കാൻ പോകുകയാണ്. ടെലഫോൺ സൗകര്യം കൊടുക്കാൻ പോകുകയാണ്. ഇവിടെ തൊഴിലാളികളുടെ കൂലി വെട്ടിച്ചുരുക്കണമെന്ന് ഗവണ്മെന്റിന് യാതൊരു അഭിപ്രായവുമില്ല. ഐ.ആർ.സി. തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലേ ഗവണ്മെന്റിന് നിൽക്കാൻ ഒക്കൂ. ഐ.ആർ.സി. തീരുമാനം മൂന്നര ലിറ്റർ കള്ള് അളന്നാൽ ഫുൾ ഡി.എ. എന്നാണ്. ഒരു ഡി.എ. ഫുള്ളായിട്ട് കിട്ടാൻ മൂന്നര ലിറ്റർ കള്ള് അളന്നാൽ മതി. പക്ഷേ കേരളത്തിൽ ഒഴിച്ച് ബാക്കി എല്ലാ ജില്ലകളിലും എട്ട് ലിറ്ററും 7 ലിറ്ററുമാക്കി. കാരണം മൂന്നര ലിറ്റർ അളന്നാൽ മുതലാകുകയില്ല. എട്ടു ലിറ്ററും ഏഴു ലിറ്ററുമാകാത്ത ഒരു ജില്ലയുമില്ല. ഇവിടെ എല്ലാ ട്രേഡ് യൂണിയൻ നേതാക്കളുമുണ്ട്. ഓരോ ജില്ലയിൽനിന്നും വരുന്നവരാണ്. ഇതിനെ സംബന്ധിച്ച് വിവരമുള്ളവരുമാണ്. എട്ടും, ഏഴും ലിറ്ററിൽ കമ്മിയായിട്ട് എവിടെയും അളക്കുന്നില്ല. കള്ള് ചെത്തിക്കിട്ടുന്നത് മുഴുവൻ അളക്കണം. അത് കോൺട്രാക്ടറുടെ പ്രോപ്പർട്ടിയാണ്. മൂന്നര ലിറ്റർ മാത്രം അളന്നാൽ ഒരു ഫുൾ ഡി.എ. കിട്ടും, പിന്നെ കിസ്തും ട്രീ ടാക്സുമെല്ലാം അടയ്ക്കണം. കോൺട്രാക്ടർക്ക് പിന്നെ വിഷം കലർത്തുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല. അതിന് ഇവർ സമ്മതിക്കുകയില്ല. അതാണ് അവരുടെ വാദം. ഗവണ്മെന്റിന് മൂന്നര ലിറ്റർ അളന്നാൽ ഫുൾ ഡി.എ. എന്നുള്ള നിലയിൽനിന്നും മാറാൻ പറ്റുകയില്ല. കാരണം ഐ.ആർ.സി. തീരുമാനമാണ്. കളക്ടർക്കും മാറാൻ പറ്റുകയില്ല. അത് കോൺട്രാക്ടർമാരും തൊഴിലാളികളും അവിടത്തെ സമൂല സാഹചര്യം കണക്കിലെടുത്തുകൊണ്ട് വ്യവസായം തകരാതിരിക്കാൻ എടുക്കേണ്ട യോജിച്ച തീരുമാനമാണ്. യോജിച്ചില്ലെങ്കിൽ നിവൃത്തിയില്ല. കള്ളു വ്യവസായമല്ല ഏതു വ്യവസായമായാലും ഓവർ ഡിമാന്റ് വരികയാണെങ്കിൽ ആ വ്യവസായം തകരും. ആ രീതിയിൽ ഒരു വ്യവസായം തകരാതെ നോക്കിയാൽ ആ മേഖലയിലുള്ള എല്ലാപേരും ശ്രമിക്കണം. മൂന്നര ലിറ്റർ എന്നുള്ള ഐ.ആർ.സി. തീരുമാനം ഞാൻ തള്ളിപ്പറയുന്നില്ല. Government is committed. യാതൊരു സംശയവും വേണ്ട. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഐ.ആർ.സി. തീരുമാനം തൃശൂർ ജില്ലയ്ക്ക് മാത്രമേയുള്ളൂ. വേറെ ഒരൊറ്റ ജില്ലയിലുമില്ല. *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* പിന്നെ തെങ്ങിനു മുഴുവൻ രോഗമാണ്. കള്ള് ചെത്താൻ തെങ്ങില്ല. അപ്പോൾ കള്ള് ധാരാളം ചെത്തുന്ന സ്ഥലത്തു നിന്ന് കൊണ്ട് വരുകയാണ് ചെയ്യുന്നത്. അതിൽ മായങ്ങൾ പലതുമുണ്ട്. "One Rupee per Litre Per Day" കള്ളിന് ട്രാൻസ്പോർട്ട് ലൈസൻസ് പെർമിറ്റുണ്ട്. അത് വച്ചാണ് കള്ള് കൊണ്ടുവരുന്നത്. അങ്ങനെയാണ് നടക്കുന്നത്. ഏതായാലും തൃശൂർ ജില്ലാ കളക്ടർ ഇപ്പോൾ ചെയ്യുന്നത്, കോൺട്രാക്ടർമാരോടും തൊഴിലാളികളുടെ പ്രതിനിധികളോടും ചർച്ചകൾ നടത്തി ഒരു യോജിപ്പിലെത്തിക്കാൻ കഴിയുമോ എന്ന് നോക്കുകയാണ്. അദ്ദേഹത്തിന് നിർബന്ധിപ്പിക്കാനൊന്നും കഴിയുകയില്ല. ഐ.ആർ.സി. യിൽ നിന്ന് he cannot go back. ചർച്ചകൾ നടത്തി അവിടത്തെ ചെത്തു വ്യവസായം രക്ഷിക്കാൻ ഇനി അഞ്ചാറു മാസങ്ങളേയുള്ളൂ. അത് ഭംഗിയായി കൊണ്ടുനടത്താൻ എല്ലാവരുടേയും സഹകരണം ആവശ്യമാണ്. ആ രീതിയിൽ ചർച്ചകൾ അദ്ദേഹം നടത്തുന്നുണ്ട്. ആ ചർച്ചകൾ നടത്തി അദ്ദേഹം പരാജയപ്പെട്ടാൽ പ്രൊപ്പോസൽസ് വല്ലതും ഉണ്ടെങ്കിൽ, he is the District Abkari Officer. അദ്ദേഹത്തിന് ആ പ്രൊപ്പോസൽസ് ഗവണ്മെന്റിന് അയയ്ക്കാം. ഗവണ്മെന്റ് അത് പരിശോധിക്കും. പരിശോധിച്ച് ഈ വ്യവസായ സംരക്ഷണത്തിനും തൊഴിലാളികളുടെ സംരക്ഷണത്തിനും ഉതകുന്ന രീതിയിലുള്ള യുക്തമായ തീരുമാനം താമസംവിനാ എടുക്കുന്നതാണ്.

<u>ശ്രീ. യു.എസ്. ശശി</u> : ഷാപ്പുകൾ ആരും ഏറ്റെടുക്കാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ തൊഴിലാളികൾ നടത്തുന്ന സഹകരണസംഘങ്ങൾ അതിന് തയ്യാറാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടു വന്നിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ തൊഴിലാളികളെ ഏൽപ്പിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഷാപ്പുകൾ ആരും എടുക്കാനില്ലാത്ത സാഹചര്യം വന്നു കഴിഞ്ഞാൽ സഹകരണ സംഘങ്ങളെ ഏൽപ്പിച്ചാൽ പിന്നെ എന്തായി എന്ന കഥയിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ആരും എടുക്കുന്നില്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘം ഉണ്ടാക്കി അതിനെ ഏൽപ്പിക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ഗവണ്മെന്റ് ഒരു വാതിലും ഒരു പ്രശ്നത്തിനു നേരെയും അടയ്ക്കുന്നില്ല. We have got an open mind. അതാണ് പരിഹാരമെങ്കിൽ ആ പരിഹാരത്തിന് ഗവണ്മെന്റിന് നിഷേധാത്മകമായ ഒരു സമീപനമല്ല. അതുൾപ്പെടെയുള്ള കാര്യങ്ങൾ ഗവണ്മെന്റ് ചർച്ച ചെയ്ത് we will decide on merits. ഏതാണ് ഏറ്റവും നല്ലതെന്ന്.

ക്രമപ്രശ്നം

വസ്തുതാപരമായ കാര്യങ്ങൾ ബോധപൂർവ്വം മറച്ചുവച്ച് സഭയോട് അനാദരവു കാണിച്ചു എന്നതു സംബന്ധിച്ച്

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഈ സഭയിൽ സബ്മിഷൻസും ക്വസ്റ്റ്യൻസും അങ്ങയുടെ അനുവാദത്തോടുകൂടിയാണ് ഉന്നയിക്കുന്നത്. അങ്ങ് അനുവദിച്ചാലേ ഉന്നയിക്കാൻ പറ്റൂ. മിനിസ്റ്റേഴ്സ് എന്തു മറുപടി പറയണം, എങ്ങനെ പറയണമെന്ന് അങ്ങേയ്ക്ക് ഇൻസിസ്റ്റു ചെയ്യാൻ സാദ്ധ്യമല്ല. പക്ഷേ വസ്തുതാപരമായിട്ട് കാര്യങ്ങൾ വളരെ ബോധപൂർവം സഭയിൽ മറച്ചു വയ്ക്കുന്നത് അനാദരവാണ്. അത് അംഗങ്ങൾക്ക് കിട്ടാത്ത ഒരു പ്രൊട്ടക്ഷനാണ്. ഞാൻ പറയാൻ ഉദ്ദേശിച്ചത്, ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് ശങ്കരംകുളം

LIBRARY ARCHIVES Kerala Legislative Assembly